# കെ.ആർ. മീരയുടെ 'യൂദാസിന്റെ സുവിശേഷം' ഒരു പാരിസ്ഥിതികവായന

**രമ്യ വി.ആർ.**
അധ്യാപിക, മലയാളവിഭാഗം,
ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട
Email : remyamadhu2019@gmail.com

**സംഗ്രഹം**

പ്രകൃതിയെ ബാധിക്കുന്ന പരിസ്ഥിതിയെ നശിപ്പിക്കുന്ന പ്രവർത്തനങ്ങളെ വിശകലനം ചെയ്യുന്ന സാഹിത്യകൃതികൾ നിരവധി ഉണ്ടായിട്ടുണ്ടെങ്കിലും പാരിസ്ഥിതിക ദർശനത്തിൽ തന്നെ ഭരണകൂടത്തിന്റെ പ്രകൃതിക്കുമേലുള്ള പരോക്ഷമായ ചൂഷണങ്ങൾക്ക് പ്രാധാന്യം നൽകുന്ന കൃതികൾ വളരെ കുറവാണ്. ഇതുവരെയുള്ള ഒട്ടുമിക്ക സാഹിത്യകൃതികളിലും പരിസ്ഥിതി എന്നത് മനുഷ്യന്റെ ഭാവനയെ ഉണർത്താനും മനോഹാരിതയുടെ മായാലോകത്ത് എത്തിക്കാനും ഉപയോഗിക്കുന്ന ഒരു ആഖ്യാന ഘടകമായിട്ടാണ് കരുതിവരുന്നത്. എന്നാൽ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പരിതസ്ഥിതികളുടെ സ്വാധീനഫലമായി രൂപപ്പെട്ട ആധുനിക മനുഷ്യർ സൃഷ്ടിക്കുന്ന അനഭിലഷണീയമായ മാറ്റങ്ങളെ കുറിച്ച് വായനക്കാർക്ക് മുന്നറിയിപ്പ് നൽകുകയാണ് എഴുത്തുകാരി ഈ കൃതിയിലൂടെ ചെയ്യുന്നത്. ഇന്ത്യയിലെ അടിയന്തരാവസ്ഥ കാലഘട്ടത്തിലെ സംഭവമാണ് ഈ കൃതിയിലെ ഇതിവൃത്തം. ഭരണകൂട തന്ത്രങ്ങൾ, പോലീസ് ക്രൂരത, അധികാര ദുർവിനിയോഗം, വ്യക്തിജീവിതത്തിന്റെ നാശം എന്നിവയൊക്കെയാണ് ഈ കൃതി കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ. ഈ നോവലിന്റെ ശ്രദ്ധാപൂർവ്വമായ വായന, വർഷങ്ങളായി ജലാശയങ്ങളിലെ അസ്വീകാര്യമായ മാറ്റങ്ങളും പ്രകൃതിയിൽ സംഭവിക്കുന്ന ക്രൂരതകളും വെളിപ്പെടുത്തുന്നുണ്ട്. ഇത്തരത്തിലുള്ള രചയിതാവ് ഉന്നയിക്കുന്ന പാരിസ്ഥിതിക ആശങ്കകൾ അന്വേഷിക്കാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

**താക്കോൽവാക്കുകൾ:** ഇക്കോക്രിട്ടിസിസം, മലിനീകരണം, കയ്യേറ്റം, സാഹിത്യം, പരിസ്ഥിതി.

**പരിസ്ഥിതി വിമർശനം**

പ്രകൃതിയെ കുറിച്ചുള്ള ഇന്റർഡിസിപ്ലിനറി പഠനം എന്ന നിലയിൽ ഇക്കോക്രിട്ടിസിസം മനുഷ്യൻ പ്രകൃതിയെ മനുഷ്യന്റെ പ്രയോജനങ്ങൾക്ക് വേണ്ടി മാത്രം നോക്കിക്കാണുന്ന രീതിയെ ഇല്ലാതാക്കണമെന്ന് ശാസിക്കുന്നുണ്ട്. പാരിസ്ഥിതിക ശാസ്ത്രത്തെയും പാരിസ്ഥിതിക ഘടകങ്ങളെയും കുറിച്ചുള്ള ആഴത്തിലുള്ള ധാരണകൾ ഈ ഭൂമിയിൽ എല്ലാത്തരം ജീവജാലങ്ങളുടെയും പരസ്പരബന്ധത്തെക്കുറിച്ച് അറിവ് നേടാൻ സഹായിക്കുന്നു. പ്രകൃതിയുടെയും പരിസ്ഥിതിയുടെയും സഹവർത്തിത്വവും അതിനെ കുറിച്ചുള്ള സമഗ്രമായ വിദ്യാഭ്യാസവും കൊണ്ടുമാത്രമേ മനുഷ്യനെ പാരിസ്ഥിതിക ചൂഷണ പ്രവർത്തനങ്ങളിൽ നിന്ന് തടയാൻ സാധിക്കുകയുള്ളൂ.

ഇക്കോക്രിട്ടിസിസത്തിന്റെ ആദ്യ തരംഗം പ്രാദേശിക, സമീപപ്രദേശങ്ങൾ, ചുറ്റുപാടുകൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ്. ഈ പ്രദേശങ്ങളിലെ പരിസ്ഥിതി സംബന്ധമായ പ്രശ്നങ്ങൾക്കുള്ള പ്രായോഗിക പ്രതിവിധി കണ്ടെത്തുക എന്ന സ്നൈഡറിന്റെ ‘ബയോറീജിയണിലിസം’ എന്ന ആശയം ഇവിടെ പ്രസക്തമാണ്. ഈ ആശയത്തിന്റെ രണ്ടാം തരംഗത്തിൽ ആണ് പ്രദേശത്തിന്റെ ഇടുങ്ങിയ വീക്ഷണകോണിൽ നിന്നും പാരിസ്ഥിതിക ആശയങ്ങൾ അന്തർദേശീയതയിലേക്കും ഒടുവിൽ ആഗോളതലത്തിലേക്കും വിപുലീകരിക്കപ്പെടുന്നത്.

**ഇക്കോക്രിട്ടിസിസത്തിലെ പ്രാദേശികത**

ഇക്കോക്രിട്ടിസിസത്തിന്റെ ആദ്യ ഘട്ടങ്ങൾ പ്രാദേശിക പരിസ്ഥിതികളിലും സമൂഹങ്ങളിലും ശക്തമായ ശ്രദ്ധ കേന്ദ്രീകരിച്ചു. ഗാരി സ്നൈഡർ പോലുള്ള എഴുത്തുകാർ ഒരു വ്യക്തിയുടെ ജൈവമേഖലയുമായി ഉള്ള ആഴത്തിലുള്ള ബന്ധത്തെക്കുറിച്ച് വാദിക്കുകയും പ്രാദേശിക ആവാസവ്യവസ്ഥകളെ മനസ്സിലാക്കേണ്ടതിന്റെയും സംരക്ഷിക്കേണ്ടതിന്റെയും പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്തു.

“മനുഷ്യസമൂഹങ്ങൾ അവരുടെ പ്രദേശങ്ങളിലെ തദ്ദേശീയ ആവാസവ്യവസ്ഥകളുമായി യോജിച്ച് നിലനിൽക്കണം” എന്ന തത്വത്തിലാണ് സ്നൈഡറിന്റെ ‘ബയോറിജിയണലിസം’ എന്ന ആശയം വേരൂന്നിയിരിക്കുന്നത് (സ്നൈഡർ, 1990, പേജ് 15).

**ആഗോള വീക്ഷണങ്ങളിലേക്കുള്ള മാറ്റം:**

പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള ധാരണ ലോകമെമ്പാടുമുള്ള പണ്ഡിതന്മാർക്കിടയിൽ പുതിയ ചിന്തകൾക്ക് വഴിയൊരുക്കി. ഇക്കോക്രിട്ടിസിസം എന്നറിയപ്പെടുന്ന ഈ ചിന്താഗതി പ്രാദേശിക പ്രശ്നങ്ങളിൽ നിന്ന് ആഗോള തലത്തിലേക്കുള്ള മാറ്റത്തെ പ്രതിഫലിപ്പിക്കുന്നു. പരിസ്ഥിതിവാദത്തിന്റെ രണ്ടാം തരംഗമായി ഇത് വിശേഷിപ്പിക്കപ്പെടുന്നു.

ഈ മാറ്റം പരിസ്ഥിതിപ്രശ്നങ്ങളുടെ സങ്കീർണ്ണതയും അവയുടെ പരസ്പരബന്ധവും മനസ്സിലാക്കാൻ സഹായിച്ചു. പണ്ഡിതന്മാർ അവരുടെ ചിന്തകളെ തങ്ങളുടെ നേരിട്ടുള്ള ചുറ്റുപാടുകളിൽ നിന്ന് വിപുലീകരിച്ച് ലോകമെമ്പാടുമുള്ള പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി. ബ്യൂൽ ഇതിനെ വിശദീകരിക്കുന്നു: “ഇക്കോക്രിട്ടിസിസത്തിന്റെ രണ്ടാം തരംഗം ആഗോള

 ISSN: 2582 - 2594

വീക്ഷണങ്ങളെയും അന്തർദേശീയ ബന്ധങ്ങളെയും ഉൾക്കൊള്ളുന്ന, പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ചുള്ള കൂടുതൽ സമഗ്രമായ ധാരണയിലേക്കുള്ള ഒരു മാറ്റത്തെ അടയാളപ്പെടുത്തുന്നു" (ബ്യൂൽ, 2005, പേജ്. 102).

### ആഗോളതലത്തിലുള്ള പാരിസ്ഥിതിക ആശയങ്ങൾ:

ആഗോള പാരിസ്ഥിതിക പ്രശ്നങ്ങൾ വർദ്ധിച്ചു വന്നതോടെ, പാരിസ്ഥിതിക ചിന്തകൾ പുനർവിചിന്തനം ചെയ്യേണ്ടതിന്റെ ആവശ്യകത ഉണ്ടായി. ഈ പുതിയ ചിന്താഗതിയാണ് 'ഇക്കോക്രിട്ടിസിസത്തിന്റെ രണ്ടാം തരംഗം'. തിമോത്തി മോർട്ടൻ പോലുള്ള ചിന്തകർ 'ഹൈപ്പർ ഒബ്ജക്റ്റ്' എന്ന പുതിയ ആശയം അവതരിപ്പിച്ചു. ഈ വസ്തുക്കൾ മനുഷ്യന്റെ ഗ്രഹണത്തിന് അതീതമായ രീതിയിൽ സമയത്തിലും സ്ഥലത്തിലും വ്യാപിച്ചുകിടക്കുന്നു. മോർട്ടൻ വാദിക്കുന്നത് ഇങ്ങനെയാണ്: "ആഗോള പാരിസ്ഥിതിക പ്രതിസന്ധികളുടെ അടിയന്തിരത നമ്മെ ഓർമ്മിപ്പിക്കുകയും എല്ലാ കാര്യങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് തിരിച്ചറിയാൻ നിർബന്ധിക്കുകയും ചെയ്യുന്നത് ഹൈപ്പർ ഒബ്ജക്റ്റുകളാണ്" (മോർട്ടൺ, 2013, പേജ്. 45).

പരിസ്ഥിതി പ്രശ്നങ്ങളുടെ പരസ്പരബന്ധം മനസ്സിലാക്കുന്നതിനുള്ള ശ്രമം പ്രാദേശികമായി തുടങ്ങി ഇന്ന് ആഗോള വീക്ഷണത്തിലേക്ക് വികസിച്ചുകൊണ്ടിരിക്കുന്നു. ഇക്കോക്രിട്ടിസിസം എന്ന് വിളിക്കപ്പെടുന്ന ഈ വികസനം, നമ്മുടെ സങ്കീർണ്ണമായ പാരിസ്ഥിതിക വെല്ലുവിളികൾ മികച്ച രീതിയിൽ മനസ്സിലാക്കാനും പരിഹരിക്കാനും സഹായിക്കുന്നു.

കൂടുതൽ പരസ്പരബന്ധിതമായ ഒരു ലോകത്തിലേക്ക് നാം കടന്നുപോകുമ്പോൾ, മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള സുസ്ഥിരബന്ധം സ്ഥാപിക്കുന്നതിന് പാരിസ്ഥിതിക ഗവേഷണത്തിൽ നിന്നുള്ള ഉൾക്കാഴ്ചകൾ നിർണായകമായിരിക്കും.

### ഇതിവൃത്തം

അടിയന്തരാവസ്ഥയുടെ പശ്ചാത്തലത്തിലാണ് നോവലിലെ ചുറ്റുപാടുകൾ കടന്നുപോകുന്നത്. ഒരു മുൻ നക്സലിനോട് അയാളുടെ ലോകത്തോടും അയാളുടെ നക്സൽ പ്രത്യയശാസ്ത്രത്തോടു താൽപര്യമുള്ള പ്രേമ എന്ന സ്ത്രീയുടെ ആഴത്തിലുള്ള ഭക്തിനിർഭരമായ തരത്തിലുള്ള പ്രണയത്തെ ചുറ്റിപ്പറ്റിയാണ് ഇതിവൃത്തം കടന്നുപോകുന്നത്. കഥയിലൂടെ കടന്നു പോകുന്ന ഒരു സമാന്തര പ്രമേയം മനുഷ്യരുടെ പ്രകൃതിയിൽ വിനാശകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന, പരിസ്ഥിതിയെ നശിപ്പിക്കാൻ ശ്രമിക്കുന്ന പ്രവർത്തികൾ ആണ്.

### പരിസ്ഥിതിദർശനവും ആഖ്യാനരീതിയും 'യൂദാസിന്റെ സുവിശേഷത്തിൽ'.

ഈ നോവലിന്റെ ഘടനയിൽ ഭൗതിക / ഭൂമിശാസ്ത്രപരമായ പശ്ചാത്തലം വളരെ പ്രധാനപ്പെട്ട ആശയങ്ങൾ പങ്കുവെക്കുന്നു. കടൽത്തീരം, തടാകങ്ങൾ, നദികൾ, മലയിടുക്കുകൾ, കുളങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനമായ കേരളത്തിന്റെ പശ്ചാത്തലത്തിലൂടെയാണ് നോവൽ കടന്നുപോകുന്നത്. ഒരു അധ്യായത്തിൽ നിന്ന് മറ്റൊരു അധ്യായത്തിലേക്ക് പോകുമ്പോൾ നായകന്റെ സ്ഥലവും മാറ്റപ്പെടുന്നുണ്ട്. നായക കഥാപാത്രമായ ദാസ് സ്ഥിരതാമസം ആക്കുന്ന പുതിയ സ്ഥലങ്ങൾക്കു സമീപം ഒരു ജലാശയം ഉണ്ടായിരിക്കുമെന്ന് ഉറപ്പാണ്. 'ദാസ്' ശവശരീരങ്ങൾ വീണ്ടെടുക്കുന്ന ആളാണ്. അതിനാൽ തന്നെ ജലസ്രോതസ്സ

കളോട് ചേർന്നുനിൽക്കുക എന്നത് ആ കഥാപാത്രത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണ്. അങ്ങനെ മാറിവരുന്ന സ്ഥലവും ജലാശയങ്ങളും കഥയെ ഭൂതകാലത്തിൽ നിന്നും വർത്തമാനകാലത്തിലേക്കും ഭാവി കാലത്തിലേക്കും ബന്ധിപ്പിക്കുന്നു. കല്ലായി നദി, ചാലിയാർ നദി, അഷ്ടമുടി കായൽ, കോണിപ്പാറത്തോട്, മലമ്പുഴ അണക്കെട്ട്, ചാലക്കുടിപ്പുഴ എന്നിവ നോവലിൽ പരാമർശിക്കുന്ന ജലാശയങ്ങളാണ്.

സ്ഥലബന്ധം അല്ലെങ്കിൽ സ്ഥലബോധം എന്നു പറയുന്നത് എപ്പോഴും പരിസ്ഥിതിയുമായി ബന്ധപ്പെട്ട പഠനങ്ങളുടെ ഭാഗമാണ്. സ്ഥലം എന്നത് അത് പ്രാദേശികമോ ഗ്രാമ്യമോ ആകട്ടെ ഇത്തരത്തിലുള്ള സാഹിത്യകൃതികളിൽ കേന്ദ്രസ്ഥാനം വഹിക്കുന്നു. എന്നാൽ ആ പ്രദേശത്തിന്റെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ഘടകങ്ങൾ ആ സ്ഥലത്തിന്റെ സാംസ്കാരിക ഭൂപ്രകൃതിയിൽ നിർണായക പങ്കുവഹിക്കുന്നുണ്ട്. അതിനാൽ ആഗോള സാംസ്കാരിക ഭൂപ്രകൃതി സൃഷ്ടിക്കുന്നതിൽ നേരിട്ടോ അല്ലാതെയോ ഈ ഭരണകൂടത്തിന്റെ ഇടപെടലുകൾക്ക് സാധ്യത ഏറെയാണ്. ഇത്തരത്തിലുള്ള ആഗോളപാരിസ്ഥിതിക മാറ്റങ്ങൾ പ്രാദേശിക ഭൂപ്രകൃതിയുടെ മാതൃകയെ തടസ്സപ്പെടുത്തുന്നു.

പ്രകൃതിയും ലോകവുമായുള്ള ചരിത്രപരവും സാംസ്കാരികപരവുമായ ബന്ധം കഥപറച്ചിൽ പോലെയുള്ള സൗന്ദര്യാത്മക ഭാവനാത്മകമായ സാഹിത്യസൃഷ്ടികളിൽ പ്രതിഫലിച്ചു കാണുന്നുണ്ട്. മാത്രമല്ല വിവിധതരം മനുഷ്യർ ലോകത്തെ ഗ്രഹിക്കുന്ന വ്യത്യസ്ത വഴികളെക്കുറിച്ച് വ്യക്തമായ ധാരണ നൽകാൻ ഈ സാഹിത്യ സൃഷ്ടികൾ ഉപകരിക്കുന്നു. മനുഷ്യന്റെ സുഖപ്രദമായ നാഗരിക ജീവിതത്തിനുവേണ്ടി പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യപ്പെടുമ്പോൾ അത് സൃഷ്ടിക്കുന്ന പാരിസ്ഥിതിക അരക്ഷിതാവസ്ഥ ഈ നോവലിന്റെ പരിസ്ഥിതി കേന്ദ്രീകൃതമായ ഒരു പുനർ വായനയ്ക്ക് സാധ്യതയൊരുക്കുന്നുണ്ട്. അമിതമായ ജലസ്രോതസ്സുകളുടെ മലിനീകരണം, വനനശീകരണം (ഉദാഹരണം കുന്നുകൾ, തടാകങ്ങൾ, നദികൾ) എന്നിവ മൂലം ഉണ്ടാകുന്ന ഭൂപ്രകൃതിയിലെ മാറ്റങ്ങൾ 'യൂദാസിന്റെ സുവിശേഷത്തിൽ' ചർച്ച ചെയ്യപ്പെടുന്ന പാരിസ്ഥിതിക വിഷയങ്ങളിൽ ചിലതാണ്.

പ്രേമയും ദാസനും തങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതിയിലെ മാറ്റങ്ങൾ വ്യത്യസ്ത രീതിയിലാണ് മനസ്സിലാക്കുന്നത്. അവൾക്കത് പ്രണയത്തിന്റെയും ഭീതിയുടെയും ഇടമാണ്. പ്രേമയുടെ നീന്തൽ പഠിക്കണമെന്ന ആവശ്യത്തെ ദാസ് നിരാകരിച്ചപ്പോൾ അതിന്റെ പ്രതിഷേധം എന്ന നിലയിൽ അവൾ കായലിലേക്ക് ചാടുന്നുണ്ട്. ആ സന്ദർഭത്തിൽ പ്രേമക്ക് കായലിനോടുള്ള ആസക്തി എഴുത്തുകാരി വർണ്ണിക്കുന്നുണ്ട്. "ഇലകൾ ഇല്ലാത്ത ജലസസ്യങ്ങൾക്കിടയിലൂടെ നീളൻ പാവാടയും വലിച്ച് ഞാൻ ഉള്ളിലേക്ക് ഊഴ്ന്നു. മണിയറയിൽ കാത്തിരിക്കുന്ന ഭർത്താവിനെ പോലെ ആയിരുന്നു ആ നേരത്ത് കായൽ. എനിക്ക് അതിനോട് പ്രേമം തോന്നി. വല്ലാത്തൊരു ഊഷ്മളതയോടെ ജലം ചുറ്റും വികാരം പൂണ്ടു" (പേജ് 16). വർഷങ്ങൾക്കു ശേഷമുള്ള അവളുടെ തിരിച്ചുവരവിൽ ആ കായൽ "കുന്നുകൾക്കിടയിൽ ഇടുങ്ങിച്ചത്ത തിമിംഗലത്തെ പോലെയാണ്" അവൾക്ക് തോന്നിയത്. കുന്നുകൾക്കിടയിൽ പച്ചപ്പുകൾ നഷ്ടപ്പെട്ടിരുന്നു. അകലെയുള്ള കുന്നിൽ റബ്ബർ തോട്ടം വെട്ടി വെളുപ്പിച്ച് പുതിയ ചെടികൾ നട്ടിരുന്നത് കൊണ്ട് അവിടവും തരിശുനിലം പോലെ കിടന്നു. കായലിന്റെ പരപ്പിൽ ഒന്ന് രണ്ടു വഞ്ചികൾ എപ്പോഴും അലസമായി നീങ്ങി". (പേജ് 48).

 ISSN: 2582 - 2594

അടിയന്തരാവസ്ഥ കാലത്ത് ഉണ്ടായ ഭരണകൂട അക്രമം നിരവധി ആളുകളുടെ കൊല പാതകത്തിലാണ് കലാശിച്ചത്. മൃതദേഹങ്ങൾ സംസ്കരിക്കുന്നതിനും കുറ്റകൃത്യങ്ങൾ മറക്കുന്ന തിനുമുള്ള എളുപ്പവഴി മൃതദേഹങ്ങളെ ജലാശയങ്ങളിലേക്ക് വലിച്ചെറിയുക എന്നതായിരുന്നു. പോലീസ് ഉദ്യോഗസ്ഥർ അത് തുടർന്നുകൊണ്ടിരുന്നു. ഭരണകൂടത്തിന്റെ പരിസ്ഥിതിക്ക് മേലുള്ള പരോക്ഷമായ ചൂഷണങ്ങളായി നോവലിലുടനീളം ഇത്തരത്തിലുള്ള കാഴ്ചകൾ നമുക്ക് കാണാം.

ഇക്കാലമത്രയും എഴുതപ്പെട്ട സാഹിത്യ സൃഷ്ടികളിൽ മനുഷ്യന്റെ നേരിട്ടുള്ള പരിസ്ഥിതി നശീകരണ പ്രവർത്തനങ്ങളാണ് ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നത്. എന്നാൽ, കെ.ആർ.മീര ഈ കൃതിയിൽ തീർത്തും വ്യത്യസ്തമായ ആഖ്യാന രീതിയാണ് ഉപയോഗിച്ചിട്ടുള്ളത്. മുതലാളിത്തത്തിന്റെയും, ഭരണകൂടത്തിന്റെയും, മറ്റ് അധികാര വർഗ്ഗങ്ങളുടെയും സമൂഹത്തിനു മേലുള്ള അടിച്ചമർത്തലുകൾ അത് ജാതി-മത-വർഗ്ഗ-ലിംഗപരമായ ഏത് അടിച്ചമർത്തലുകളും ആയിക്കൊള്ളട്ടെ, അതിന്റെ പ്രത്യാഘാതങ്ങൾ പരോക്ഷമായി പരിസ്ഥിതിയെ കൂടി അടിച്ചമർത്തുന്ന ഒന്നായിത്തീരുന്നുണ്ട്. അതിനുദാഹരണങ്ങളാണ് പോലീസുകാർ കൊന്നു കായലിലേക്ക് വലിച്ചെറിയുന്ന മനുഷ്യശരീരങ്ങൾ. നോവലിലുടനീളം ദാസ് (പ്രധാന കഥാപാത്രം) കായലിൽ നിന്നും ശവശരീരങ്ങൾ കണ്ടെത്തി പുറത്തെടുക്കുന്നുണ്ട്. ഒരിക്കൽ പ്രേമയുടെ സഹപാഠികളിൽ ഒരാൾ കായലിൽ മുങ്ങി മരിച്ചതായി റിപ്പോർട്ട് വന്നു. “അവൻ ചാലിയാർ സമരത്തിൽ പങ്കെടുത്തിരുന്നു. അതിന്റെ പേരിൽ കൊല്ലപ്പെട്ടതാണെന്നു പിന്നീട് കേട്ടു” (പേജ് 34).

നോവലിൽ ഒരിടത്ത് പ്രദേശത്തുണ്ടാകുന്ന പാരിസ്ഥിതിക തകർച്ചയെക്കുറിച്ച് പ്രേമ സൂചിപ്പിക്കുന്നതിങ്ങനെയാണ്. “മീനുകൾ എന്നെ ശവങ്ങളെ ഓർമിപ്പിച്ചു. ഏതു ജലാശയത്തിന്റെ അടിത്തട്ടിലും ശവങ്ങളുണ്ടാകും. അടിത്തട്ടിലേക്ക് ആഴ്ന്നുചെന്നു പരിശോധിച്ചാൽ ഏത് ശവത്തിനുള്ളിലും നിന്ന് മീനുകൾ പുറത്തുവരും” (പേജ് 61).

മനുഷ്യന്റെ ആവശ്യങ്ങൾക്ക് വേണ്ടിയാണ് പ്രകൃതി നിലനിൽക്കുന്നത് എന്ന തെറ്റിദ്ധാരണ ഇല്ലാതാകണം. പകരം എല്ലാ ജീവജാലങ്ങളുടെയും പരസ്പരബന്ധം മനസ്സിലാക്കുകയും പിന്തുടരുകയും വേണം. പ്രകൃതിയോടുള്ള മനുഷ്യരുടെ ക്രൂരമായ സമീപനം മനുഷ്യനെ സ്വാർത്ഥനാക്കി മാറ്റുകയും, മറ്റ് ഭാഗ്യഹീനരായ ജീവജാലങ്ങൾക്കുമേൽ ആധിപത്യം സ്ഥാപിക്കാനുള്ള പ്രവണത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. നോവലിൽ ഇഷ്ടികച്ചൂള ഫാക്ടറി ഉടമകൾക്കെതിരെ പ്രതിഷേധിക്കുന്നവരിൽ ഒരാളായ സംഗീത വളരെയധികം പ്രാധാന്യമർഹിക്കുന്ന പല ചോദ്യങ്ങളും ഉന്നയിക്കുന്നുണ്ട്.

കിണറുകൾ വറ്റിയപ്പോൾ നമ്മൾ വെള്ളത്തിനായി ഇനി എവിടെപ്പോകും എന്ന് അവർ ആശങ്കപ്പെടുന്നുണ്ട്. “ഞങ്ങളുടെ പാടമെല്ലാം അവർ കുഴിച്ചു നശിപ്പിക്കുന്നു. രണ്ടിലൊന്നറിഞ്ഞിട്ടേ ഇനി പിന്നോട്ടുള്ളൂ. ഞങ്ങൾക്ക് ഞങ്ങളുടെ വയൽ വേണം. നെല്ലു വിതയ്ക്കണം. കൊയ്യണം. ഞങ്ങളുടെ കന്നുകാലികൾക്കും മേഞ്ഞു നടക്കാനിടം വേണം. കിണറുകളിൽ വെള്ളം വേണം” (പേജ് 96) എന്ന പ്രതിഷേധസ്വരം അവർക്കിടയിൽ ഉയരുന്നുണ്ട്. അത്യാഗ്രഹികളായ മനുഷ്യർ പ്രകൃതിയെ ചൂഷണം ചെയ്യുന്നത് തുടർന്നുകൊണ്ടേയിരിക്കുന്നു എന്ന യാഥാർഥ്യം നോവലിലെ പല സന്ദർഭങ്ങളും വ്യക്തമാക്കുന്നുണ്ട്.

ലോകം എന്ന സങ്കൽപത്തിൽ മുഴുവൻ ആവാസവ്യവസ്ഥയും ഉൾക്കൊള്ളുന്നു എന്നാണ് ഇക്കൊക്രിട്ടിസിസം ഉറപ്പ് നൽകുന്നത്. എന്നാൽ വികസനത്തിന്റെയും ആധുനികതയുടെ

യും, സാങ്കേതികവിദ്യയുടെയും, പുരോഗതിയിലൂടെ മനുഷ്യർക്ക് ഭൂമിയാണ് പ്രധാനം എന്ന ശ്രദ്ധ നഷ്ടപ്പെട്ടു. ഈ നോവലിനെ കുറിച്ചുള്ള പരിസ്ഥിതി കേന്ദ്രീകൃതമായ പഠനം വർഷങ്ങളായി കേരളത്തിലെ വിവിധ സ്ഥലങ്ങളുടെ ഭൂപ്രകൃതിയിൽ വന്നിട്ടുള്ള ദൃശ്യമായ മാറ്റങ്ങളെ വെളിപ്പെടുത്തുന്നുണ്ട്. ജലസ്രോതസ്സുകൾക്കടുത്ത് താമസിക്കുന്ന ദാസ് പ്രകൃതിവിഭവങ്ങളുടെ ശോഷണത്തെ കുറിച്ചുള്ള ആശങ്കകൾ ഇടയ്ക്കിടെ പങ്കുവെക്കുന്നുണ്ട്.

ഒരിക്കൽ പ്രേമയോട് അയാൾ പറയുന്നുണ്ട്, "ഒഴുക്ക് പക്ഷേ പുഴയുടെ കുറ്റമല്ല. അതു മനുഷ്യന്റെ കുറ്റമാണ്. മലമുകളിലെ മരങ്ങളെല്ലാം അവർ മുറിച്ചു.. അപ്പോൾ മണ്ണൊലിച്ചു. ചിലയിടത്തു പുഴ നികന്നു... വേറെ ചിലയിടത്തു കുഴിഞ്ഞു.. മനുഷ്യൻ എന്നാലും വെറുതെ വിടില്ല... അവൻ മണൽ വാരും... തീരം കയ്യേറും... ങ്ഹാ, ഗതികെട്ടുമ്പോൾ വെള്ളമാണെങ്കിലും എല്ലാം തകർത്തെറിയും..." ( പേജ് 37).

കെ.ആർ. മീരയുടെ "യൂദാസിന്റെ സുവിശേഷം" എന്ന നോവൽ മനുഷ്യസമൂഹവും പരിസ്ഥിതിയും തമ്മിലുള്ള സങ്കീർണ്ണമായ ബന്ധത്തെ ആഴത്തിൽ പരിശോധിക്കുന്നു. വന്ദന ശിവ പോലുള്ള പരിസ്ഥിതി പ്രവർത്തകർ ഉയർത്തിക്കാട്ടിയ ഭരണകൂട നേതൃത്വത്തിലുള്ള പാരിസ്ഥിതിക ചൂഷണത്തിന്റെ ആശങ്കകൾ ഈ നോവൽ പ്രതിധ്വനിപ്പിക്കുന്നു.

ഈ നോവലിന്റെ ചില പ്രധാന പാരിസ്ഥിതിക ഘടകങ്ങൾ താഴെ പറയുന്നവയാണ്:

**പ്രകൃതിയുടെ ചൂഷണം:** നോവലിലെ ഭരണകൂടം വനനാശം, ഖനനം, മറ്റ് പാരിസ്ഥിതിക നാശനഷ്ടങ്ങൾ എന്നിവയിലൂടെ പ്രകൃതിയെ നിഷ്ഠൂരമായി ചൂഷണം ചെയ്യുന്നു.

**സാമൂഹിക അനീതി:** പാരിസ്ഥിതിക നാശനഷ്ടങ്ങൾ സമൂഹത്തിലെ ഏറ്റവും ദുർബലരായവരെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്, അവരുടെ ഉപജീവനമാർഗ്ഗവും ആരോഗ്യവും നഷ്ടപ്പെടുന്നു.

**പ്രതിരോധം:** നോവലിലെ കഥാപാത്രങ്ങൾ പാരിസ്ഥിതിക നാശനഷ്ടങ്ങൾക്കെതിരെ പ്രതിരോധം പ്രകടിപ്പിക്കുകയും പ്രകൃതിയെ സംരക്ഷിക്കാൻ പ്രയത്നിക്കുകയും ചെയ്യുന്നുണ്ട്.

"യൂദാസിന്റെ സുവിശേഷം" എന്ന നോവൽ പരിസ്ഥിതിയോടുള്ള നമ്മുടെ സമീപനത്തെക്കുറിച്ച് ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. മനുഷ്യർക്ക് പ്രകൃതിയുമായി സുസ്ഥിരമായ ബന്ധം സ്ഥാപിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇത് ഊന്നിപ്പറയുന്നു. മനുഷ്യർ നടത്തുന്ന പ്രകൃതിവിഭവ ചൂഷണങ്ങളെ ദീർഘകാലമായി വിമർശിച്ച്, പരിസ്ഥിതി വ്യവസ്ഥകൾക്കും പ്രാദേശിക സമൂഹങ്ങൾക്കും ദോഷകരമായ പ്രത്യാഘാതങ്ങൾ ഉയർത്തിക്കാട്ടുന്നു. "യൂദാസിന്റെ സുവിശേഷത്തിൽ", സുസ്ഥിരതയെക്കാൾ ലാഭത്തിന് മുൻഗണന നൽകുന്ന സർക്കാർ നയങ്ങളാൽ പ്രാപ്തമാക്കിയ കോർപ്പറേറ്റുകൾ പരിസ്ഥിതിയെ നിഷ്കരുണം ചൂഷണം ചെയ്യുന്നതിലൂടെ ഈ പ്രമേയം കൃതി അതിസൂക്ഷ്മതയോടെ അവതരിപ്പിക്കുന്നു. പാരിസ്ഥിതിക തകർച്ച, ജൈവവൈവിധ്യ നഷ്ടം, തദ്ദേശീയ ജനതകളുടെ കുടിയിറക്കം എന്നിവ ചിത്രീകരിക്കുന്ന നോവൽ അത്തരം ചൂഷണത്തിന്റെ അനന്തരഫലങ്ങൾ അടിവരയിടുന്നു.

### കൃതിയിലെ സൂചനകൾ:

മീരയുടെ "യൂദാസിന്റെ സുവിശേഷത്തിൽ" പരിസ്ഥിതി ചൂഷണത്തിന്റെ ചിത്രീകരണം അതിന്റെ ബഹുമുഖമായ പ്രത്യാഘാതങ്ങളെ ഊന്നിപ്പറയുന്നു. പാരിസ്ഥിതിക നാശത്തിനപ്പുറം,

പാരിസ്ഥിതിക തകർച്ചയുടെ സാമൂഹികവും സാംസ്കാരികവും ആത്മീയവുമായ അനന്തരഫലങ്ങളെ നോവൽ ചർച്ച ചെയ്യുന്നു. മനുഷ്യത്വവും പ്രകൃതിയും തമ്മിലുള്ള സൂക്ഷ്മമായ സന്തുലിതാവസ്ഥയെ തടസ്സപ്പെടുത്തുന്നതിലൂടെ, ഈ ചൂഷണങ്ങൾ വ്യാപകമായ കഷ്ടപ്പാടുകളിലേക്കും അനീതിയിലേക്കും അഗാധമായ നഷ്ടബോധത്തിലേക്കും നയിക്കുന്നു. പാരിസ്ഥിതികവും സാമൂഹികവുമായ പ്രശ്നങ്ങളുടെ പരസ്പരബന്ധത്തെ അഭിമുഖീകരിക്കാൻ നോവൽ വായനക്കാരെ സജ്ജരാക്കുന്നു. സുസ്ഥിരതയോടുള്ള സമഗ്രമായ സമീപനത്തിനായി പ്രേരിപ്പിക്കുന്നു.

### പ്രതിരോധ ശ്രമങ്ങൾ:

പാരിസ്ഥിതിക അനീതികൾക്കെതിരായ ചെറുത്തുനിൽപ്പിന്റെ വിവരണങ്ങളാണ് "യൂദാസിന്റെ സുവിശേഷത്തിൽ" ഉൾച്ചേർത്തിരിക്കുന്നത്. അടിത്തട്ടിലെ പ്രസ്ഥാനങ്ങൾ, തദ്ദേശീയ പോരാട്ടങ്ങൾ, വ്യക്തിഗത ധിക്കാരപ്രവൃത്തികൾ എന്നിവയുടെ കഥകൾ സമന്വയിപ്പിച്ച്, ചൂഷണത്തെ അഭിമുഖീകരിക്കുന്ന സമുദായങ്ങളുടെ പ്രതിരോധം ഈ കൃതിയിൽ പ്രകടമാക്കുന്നു. ഈ ചെറുത്തുനിൽപ്പ് ശ്രമങ്ങൾ പ്രതിഷേധങ്ങളും ആക്ടിവിസവും മുതൽ ആത്മീയ ഉണർവുകളും ഐക്യദാർഢ്യപ്രവർത്തനങ്ങളും വരെ നീളുന്നു. ഈ ആഖ്യാനങ്ങളിലൂടെ നോവൽ പ്രത്യാശ ഉണർത്തുകയും അടിച്ചമർത്തൽ വ്യവസ്ഥകളെ വെല്ലുവിളിക്കുന്നതിൽ കൂട്ടായ പ്രവർത്തനത്തിന്റെ ശക്തിയെ അടിവരയിടുകയും ചെയ്യുന്നു.

### മലയാള നോവലിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളുടെ ചരിത്രപരമായ ആവിഷ്കാരം:

"യൂദാസിന്റെ സുവിശേഷത്തിൽ" പരിസ്ഥിതി വിഷയങ്ങളുമായുള്ള മീരയുടെ ഇടപെടൽ, പരിസ്ഥിതി ആശങ്കകളെ അഭിസംബോധന ചെയ്യുന്നതിൽ മലയാള സാഹിത്യത്തിന്റെ ചരിത്ര പാരമ്പര്യമായി പ്രതിധ്വനിക്കുന്നു. പ്രദേശത്തിന്റെ കാർഷിക സംസ്കാരം, പാരിസ്ഥിതിക ജ്ഞാനം, ആധുനികവൽക്കരണത്തിന്റെ സ്വാധീനം എന്നിവയെ പലപ്പോഴും പ്രതിഫലിപ്പിക്കുന്ന, പ്രകൃതിയുമായുള്ള മാനവികതയുടെ ബന്ധം കണ്ടെത്തുന്നതിന്റെ സമ്പന്നമായ പാരമ്പര്യം മലയാള സാഹിത്യത്തിനുണ്ട്. മീരയുടെ നോവൽ ഈ പ്രമേയങ്ങളെ സമകാലികമാക്കിക്കൊണ്ടും സമകാലിക പാരിസ്ഥിതിക പ്രതിസന്ധികളെ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക ഭൂപ്രകൃതിയുടെ പശ്ചാത്തലത്തിൽ വിമർശിച്ചുകൊണ്ടും ഈ പാരമ്പര്യത്തിന് സംഭാവന നൽകുന്നു.

### ഉപസംഹാരം:

കെ ആർ മീരയുടെ "യൂദാസിന്റെ സുവിശേഷം" പാരിസ്ഥിതിക വായനയിലൂടെ, വന്ദന ശിവയെപ്പോലുള്ള പരിസ്ഥിതി പ്രവർത്തകരുടെ വിമർശനങ്ങളും ഉൾക്കാഴ്ചകളും പ്രതിധ്വനിക്കുന്ന ഒരു ആഖ്യാനം ഞങ്ങൾ കണ്ടെത്തുന്നു. ഭരണകൂടം നയിക്കുന്ന പാരിസ്ഥിതിക ചൂഷണങ്ങളുടെ വിനാശകരമായ അനന്തരഫലങ്ങൾ തുറന്നുകാട്ടുക മാത്രമല്ല, സമൂഹങ്ങളുടെ പ്രതിരോധശേഷിയും മാനുഷികവും പാരിസ്ഥിതികവുമായ ക്ഷേമത്തിന്റെ പരസ്പരബന്ധവും ആഘോഷിക്കുകയും ചെയ്യുന്നു. മീരയുടെ കൃതികളെ മലയാള സാഹിത്യത്തിന്റെ ചരിത്രപശ്ചാത്തലത്തിൽ പ്രതിഷ്ഠിക്കുന്നതിലൂടെ, പരിസ്ഥിതിനീതിയെയും സുസ്ഥിരതയെയും കുറിച്ച് നടന്നു കൊണ്ടിരിക്കുന്ന വ്യവഹാരത്തിൽ അതിന്റെ സംഭാവനകളെ ഞങ്ങൾ അഭിനന്ദിക്കുന്നു.

ഭൂമിയോടും മനുഷ്യേതര ജീവജാലങ്ങളോടുമുള്ള രാഷ്ട്രീയ- സാമൂഹിക- സാംസ്കാരിക-ധാർമിക പെരുമാറ്റത്തിൽ വലിയ മാറ്റം ഇനിയും ആവശ്യമാണ്. എല്ലാ വികസനങ്ങളെക്കാളും പ്രധാനം ഭൂമിയാണെന്നുള്ള കാഴ്ചപ്പാടാണ് നമുക്ക് ആവശ്യം, എന്നിരിക്കെ മനുഷ്യരാശിക്ക് ഇനിയും അതിൽ പ്രതീക്ഷയുണ്ട്. ആണവയുദ്ധം, പ്രകൃതിവിഭവങ്ങളുടെ ശോഷണം, ജനസംഖ്യാവർദ്ധനവ്, യന്ത്രങ്ങളുടെ വൻതോതിലുള്ള ഉത്പാദനം, നിരവധി മാലിന്യകൂമ്പാരങ്ങൾ, വിവിധതരം മലിനീകരണം, ജീവിവർഗങ്ങളുടെ വംശനാശം, തുടങ്ങിയ പാരിസ്ഥിതിക ദുരന്തങ്ങളുടെ ഭീഷണിയിൽ ആധുനികലോകം തകർന്നിരിക്കുകയാണ്, എന്നിരിക്കെ ലോകത്തോടും പ്രകൃതിയോടും ആഴത്തിലുള്ള ഉത്തരവാദിത്തം ഉണർത്തിക്കൊണ്ട് വായനക്കാരിൽ ശക്തമായ സ്വാധീനം ചെലുത്താൻ ഈ നോവലിന് കഴിഞ്ഞു.

## ഗ്രന്ഥസൂചി

1 മധുസൂദനൻ.ജി. കഥയും പരിസ്ഥിതിയും, കറന്റ് ബുക്ക്സ്, 2000.

2 മീര. കെ.ആർ. യൂദാസിന്റെ സുവിശേഷം, ഡി.സി.ബുക്സ്, 2023

3 End Ecocide on Earth. www.endecocide.org/en/ what-is-ecocide. Accessed 5 October 2022.

4 Stop Ecocide International. Independent Expert Panel for the Legal Definition of Ecocide. June 2021, www.stopecocide.earth/legal-defi-nition. Accessed 5 Oct. 2022.

5 Snyder, Gary. The Practice of the Wild: Essays. Counterpoint, 1990.

6 Buell, Lawrence. The Environmental Imagination: Thoreau, Nature Writing, and the Formation of American Culture. Harvard University Press, 1995.

7 Morton, Timothy. Hyperobjects: Philosophy and Ecology after the End of the World. University of Minnesota Press, 2013

 ISSN: 2582 - 2594